**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 72 | **30.11.2018-ൽ** മറുപടിക്ക്

## <u>അംബേദ്കർ ഗ്രാമ വികസന പരിപാടി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. കെ. ആൻസലൻ | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭരണഘടനാപരമായി പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനായി ജനസംഖ്യാനുപാതികമായി ചെലവഴിക്കേണ്ട വിഹിതം എത്രയെന്നും ഇതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വകയിരുത്തിയിരിക്കുന്ന വിഹിതം എത്രയെന്നും താരതമ്യം ചെയ്ത് അറിയിക്കാമോ; | (എ) | 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ മൊത്തം വാർഷിക പദ്ധതിയ്ക്ക് വകയിരുത്തിയ 2915000.00 ലക്ഷം രൂപയിൽ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി 285962.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പദ്ധതി വിഹിതത്തിന്റെ 9.81% ആകുന്നു. 2011-ലെ സെൻസസ് പ്രകാരം പട്ടികജാതിക്കാരുടെ ജനസംഖ്യ സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 9.1% ആകുന്നു. ജനസംഖ്യാനുപാതികമായ വിഹിതം കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് നടപ്പ സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് രേഖകളിൽ പരാമർശിക്കുന്നുണ്ട്.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**-<br>പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനത്തിനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 82618.99 ലക്ഷം രൂപയും (പദ്ധതി വിഹിതത്തിന്റെ 2.83%) വകയിരുത്തിയിട്ടുണ്ട്. 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യ 1.45% ആകുന്നു. എന്നാൽ രാജ്യത്തെ ജനസംഖ്യയിൽ 25% വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംസ്ഥാനം ജനസംഖ്യാനുപാതികമായി ഫണ്ട് മാറ്റിവെയ്ക്കുന്നപോലെ 25% തുക |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റിൽ നീക്കിവെയ്ക്കുന്ന രീതി കേന്ദ്രം അവലംബിക്കുന്നില്ല. |
| (ബി) | റ്റി.എസ്.പി., എസ്.സി.പി. ഘടകപദ്ധതികൾ കേന്ദ്ര സർക്കാർ തുടരുന്നുണ്ടോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പദ്ധതികൾ നിർത്തലാക്കിയതു സംബന്ധിച്ച് അറിയിപ്പുകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്ത് പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ച അംബേദ്കർ ഗ്രാമ വികസന പരിപാടിയുടെ പുരോഗതി അറിയിക്കാമോ; | (സി) | 2017-18 വർഷത്തിൽ 266 കോളനികൾ തെരഞ്ഞെടുത്തതിൽ 8 കോളനികൾ ഫീസിബിൾ അല്ല. ഒന്നാം ഗഡുവായി 50.00 ലക്ഷം രൂപാ വീതം 222 കോളനികൾക്ക് ആകെ 111.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 222 കോളനികളിൽ 183 കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും 113 കോളനികളിലെ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുള്ളതുമാകുന്നു. |
| (ഡി) | പാർശ്വവൽകൃതരായ പട്ടിക ഗോത്ര വർഗ്ഗക്കാരെ സമൂഹത്തിന്റെ പൊതു ധാരയിലെത്തിക്കാൻ കൃത്യമായ വരുമാനം ഉറപ്പുവരുത്തുന്നതിനായി ഓരോ കുടുംബത്തിലും ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധ്യമാകുമോ എന്ന് പരിശോധിക്കുമോ? | (ഡി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തിനകത്തും, പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ (കെൽട്രോൺ, സെന്റർഫോർ ബയോപോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ, എൻ.റ്റി) തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള കോഴ്സുകളിൽ പരിശീലനം നൽകുന്നു.<br>പരമ്പരാഗത കാർഷിക നൈപുണ്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി, മൃഗസംരക്ഷണ വകുപ്പ്, കൃഷിവകുപ്പ്, മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന് പുറമേ ഊരുകൂട്ടങ്ങൾ അംഗീകാരം നൽകുന്ന പദ്ധതികൾക്കായി കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1) എസ്.സി.എ.ടു. ടി.എസ്.പി പൂൾഡ് ഫണ്ട് തുടങ്ങിയ വിവിധ ഫണ്ടുകൾ ഉപയോഗിച്ചും പദ്ധതികൾ |

നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.

| പദ്ധതികൾ | തൊഴിൽലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു -മെന്റർ ടീച്ചർ | 267 |
| സാമൂഹ്യപഠനമുറി - ട്യൂട്ടർ | 100 |
| എസ്.ടി.പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 31 |
| പ്രേരക്മാർ | 100 |
| ഇൻസ്ട്രക്ടർമാർ (സാക്ഷരത) | 700 |
| കുടുംബശ്രീ അനിമേറ്റർ | 200 |
| **ആകെ** | **2720** |

സെക്ഷൻ ഓഫീസർ